**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 715**

**24.01.2018- ൽ മറുപടിയ്ക്ക്**

## സഹകരണ ബാങ്കുകൾക്ക് പ്രത്യേക ആദായനികുതി ഇളവ്

**ചോദ്യം**

**ശ്രീ.ഹൈബി ഈഡൻ**

എ) സഹകരണ ബാങ്കുകൾക്ക് പ്രത്യേക ആദായനികുതി ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നില്ല എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ;

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ആദായനികുതി നിയമത്തിലെ വകുപ്പ് 80(പി) യിൽ പാർലമെന്റ് 2006 ലെ ഫിനാൻസ് ആക്ട് (ബഡ്ജറ്റ് - 2006) മുഖേന 01.04.2007 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതി പ്രകാരം സഹകരണ മേഖലയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (പി എ സി എസ്), പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ( പി സി എ ആർ ഡി ബി കൾ) എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് അന്നുവരെ ലഭ്യമായി കൊണ്ടിരുന്ന ആദായ നികുതി ഇളവ് നിർത്തലാക്കുകയുണ്ടായി. സഹ കരണ മേഖലയ്ക്ക് ഉണ്ടായിരുന്ന ആദായനികുതി ഇളവ് പുനഃസ്ഥാ പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ പരാമർശിച്ച ഫിനാൻസ് ആക്ട് ഭേദഗതി മുഖേന സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് 01.04.2007 മുതൽ ആദായനികുതി നിയമത്തിലെ വകുപ്പ് 80 (പി) പ്രകാരം മുൻപ് ഉണ്ടായിരുന്ന ആദായ നികുതി ഇളവ് ലഭിക്കുന്നില്ല. നിലവിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 80 (പി) പ്രകാരം പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്കും (പി എ സി എസ്) പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും(പി സി എ ആർ ഡി ബി) അവയുടെ ലാഭത്തിൽ നിന്നും ആദായനികുതി നൽകേണ്ടതില്ല എന്ന വകുപ്പ് 80(പി) യിലെ വ്യവസ്ഥ ഒഴിവാക്കിയതായി കേന്ദ്ര സർക്കാരിൽ നിന്നും ഔദ്യോഗികമായ

അറിയിപ്പുകളൊന്നും തന്നെ ലഭിച്ചിട്ടില്ല.

| | | | |
|---|---|---|---|
| ബി) | ആദായനികുതി നിയമത്തിലെ 80(പി) വകുപ്പ് സഹകരണ ബാങ്കുകൾക്ക് ബാധകമല്ല എന്ന കേന്ദ്ര ധനകാര്യമന്ത്രിയുടെ ലോക് സഭയിലെ പ്രസ്താവന സഹകരണ ബാങ്കുകളെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2006 ലെ ഫിനാൻസ് ആക്ട് 01.04.2007 മുതൽ പ്രാബല്യത്തോടെ നിലവിൽ വന്നിട്ടുണ്ട്. ഈ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പി എ സി എസ്, പി സി എ ആർ ഡി ബി ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് ആദായനികുതി നിയമത്തിലെ വകുപ്പ് 80 (പി) പ്രകാരമുള്ള ഇളവ് ലഭ്യമല്ല. നിലവിൽ വകുപ്പ് 80 (പി) യുടെ ആനുകൂല്യം ലഭിക്കുന്ന പി എ സി എസ്, പി സി എ ആർ ഡി ബി എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ ആയത് ടി സഹകരണ സംഘങ്ങളുടെ അംഗങ്ങൾക്ക് ലഭിക്കുന്ന ഡിവിഡന്റിൽ കുറവു വരുത്താനും ലാഭത്തിൽ നിന്നും വകമാറ്റുന്ന മറ്റു ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ചെയ്യും. |
| സി) | ഇളവിനായി വീണ്ടും കേന്ദ്രത്തിനെ സമീപിക്കുന്ന കാര്യം ആലോചിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.